LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനം

42 [623] *ശ്രീ. വി. കെ. ചന്ദ്രൻ:*

,, *പി. ജയരാജൻ:*

,, *ടി. പി. രാമകൃഷ്ണൻ:*

,, *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനം ബി.ഒ.ടി. വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എൻ.എച്ച്. 47-ന്റെ വികസനത്തിന് ആവശ്യമായ ഭൂമി മുഴുവൻ ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ടോ; എൻ.എച്ച്. 47-ന്റെ വികസനം ബി.ഒ.ടി. സമ്പ്രദായത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) റോഡുകളുടെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുമ്പോൾ വീടും സ്ഥലവും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) തിരുവനന്തപുരം-കന്യാകുമാരി റോഡിന്റെ വികസനപ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നത് എത്രത്തോളമായിട്ടുണ്ട്;

(എഫ്) തിരുവനന്തപുരം-കന്യാകുമാരി റോഡിന്റെ വികസനം ബി.ഒ.ടി. സമ്പ്രദായത്തിൽ നടപ്പിലാക്കുന്നതിനാണോ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) & (ബി) താഴെപ്പറയുന്ന ദേശീയപാതകൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

1.	എൻ.എച്ച്. 47 ചേർത്തല മുതൽ തിരുവനന്തപുരം വരെ	900 കോടി രൂപ
2.	എൻ.എച്ച്. 17 ഇടപ്പള്ളി മുതൽ കോഴിക്കോട് വരെ	900 കോടി രൂപ
3.	എൻ.എച്ച്. 17 കോഴിക്കോട് മുതൽ മംഗലാപുരം വരെ	1150 കോടി രൂപ

(സി) എൻ.എച്ച്. 47-ന്റെ വികസനത്തിനാവശ്യമായ സ്ഥലം ഇപ്പോൾ തന്നെ ലഭ്യമാണ്. ഇതിന്റെ വികസനവും ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഭൂമി ഏറ്റെടുക്കുമ്പോൾ വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ഇ) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികളെടുത്തു കഴിഞ്ഞു.

(എഫ്) പദ്ധതിയുടെ സാമ്പത്തിക ഭദ്രതയെക്കുറിച്ച് പഠിച്ചതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നടപ്പാക്കുന്ന റോഡ് വികസന പ്രവർത്തനങ്ങൾ

43 [624] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

,, *ബിനോയ് വിശ്വം:*

,, *പി. നാരായണൻ:*

,, *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി.) വഴി എത്ര കിലോ മീറ്റർ റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തിയെന്ന് വിശദമാക്കാമോ;

(ബി) ഈ റോഡുകളുടെ നിർമ്മാണത്തിനായി ചെലഴിച്ച സംഖ്യ എത്രയെന്നും ഇതിനായി ലോകബാങ്കിൽ നിന്നും ലഭിച്ച വായ്പ എത്രയെന്നും വിശദമാക്കാമോ;

(സി) ലോകബാങ്കുമായുള്ള കരാർ എത്ര വർഷത്തേക്ക് കൂടി തുടരുമെന്ന് വ്യക്തമാക്കുമോ;

(ഡി) പലിശ ഇനത്തിൽ എത്ര സംഖ്യ കൊടുക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) കെ.എസ്.ടി.പി.ക്കായി എത്ര വിദേശ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഓരോ കൺസൾട്ടന്റുമാരുമായുള്ള എഗ്രിമെന്റ് വ്യവസ്ഥകൾ എന്തൊക്കെയാണെന്നും ഇവർക്ക് ഓരോരുത്തർക്കും നിശ്ചയിച്ചിട്ടുള്ള ഫീസ് എത്ര വീതമാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly